പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**73 (*541) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ**

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ എല്ലാ പ്രവർത്തനങ്ങളും ഇവന്റ് മാനേജ്മെന്റ് മുഖേനയാണ് നടപ്പിലാക്കുന്നതെന്നും ക്രയോൺസ് അഡ്വർടൈസിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഇവന്റ് മാനേജുമെന്റിന്റെ പ്രവർത്തനത്തിനായി നിയോഗിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ഷോപ്പുകളുടെ രജിസ്ട്രേഷൻ, മേളകൾ, ഫെസ്റ്റിവലിന്റെ ഉദ്ഘാടനം, ആഘോഷം, പരസ്യ പ്രചരണങ്ങൾ, രജിസ്റ്റർ ചെയ്ത ഷോപ്പുകൾക്കുള്ള പരസ്യ ബോർഡുകളുടെയും ആർച്ചുകളുടെയും കൂപ്പണുകളുടെയും വിതരണം, നറുക്കെടുപ്പുകൾ എന്നിങ്ങനെ ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇവന്റ് മാനേജ്മെന്റ് ഏജൻസി ചെയ്തുവരുന്നു. ജി.കെ. എസ്.എഫ്. ഡയറക്ടറും ടൂറിസം ഡിപ്പാർട്ടുമെന്റുമാണ് ഷോപ്പിംഗ്

ഫെസ്റ്റിവലിന് നേതൃത്വം നൽകുന്നത്. 2010 ഡിസംബർ 1 മുതൽ ജനുവരി 15 വരെ സംഘടിപ്പിച്ച ഷോപ്പിംഗ് ഫെസ്റ്റിവലിൽ പങ്കെടുത്ത ചില വ്യാപാര സ്ഥാപനങ്ങൾ സ്ക്രാച്ച് ആന്റ് വിൻ കൂപ്പണുകളിലൂടെ നൽകുന്ന സമ്മാനങ്ങൾ ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടതിനാൽ ഗുണനില വാരമുള്ളവ നൽകിയിട്ടുണ്ട്. ഈ വർഷം 1 ഗ്രാം സ്വർണ്ണനാണയങ്ങളും ഡിസ്കൗണ്ട് വൗച്ചറുകളുമാണ് സമ്മാനമായി നൽകാൻ ഉദ്ദേശിക്കുന്നത്. ഷോപ്പിംഗ് ഫെസ്റ്റിവൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കൾച്ചറൽ ഫെസ്റ്റിവലും ആറ് കേന്ദ്രങ്ങളിൽ മാദ്ധ്യമങ്ങളുടെ സഹായത്തോടെ എക്സിബിഷനും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് കലാരൂപങ്ങൾക്ക് പ്രാധാന്യം നൽകാനും കേരളത്തെ ഒരു ട്രേഡ് സെന്ററാക്കി മാറ്റാനുമാണ് ഈ ഫെസ്റ്റിവൽകൊണ്ട് ഉദ്ദേശിക്കുന്ന ത്. ഈ മേളയുടെ ഭാഗമായി സംസ്ഥാനത്തിന് പുറത്തുള്ളവർക്ക് വാറ്റ്-ൽ നൽകിയിരുന്ന ഇളവ് ഈ വർഷവും തുടരുന്ന കാര്യം ആലോചി ക്കുന്നതാണ്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് മലപ്പുറത്ത് ക്രാഫ്റ്റ് മേള നടത്തിയിട്ടുണ്ട്. പരമ്പരാഗത ഉല്പന്നങ്ങൾ വിപണനം നടത്താനുള്ള വേദിയാക്കി മേളയെ മാറ്റുന്നതിനെക്കുറിച്ചും അടുത്ത വർഷം മുതൽ എറണാകുളം കേന്ദ്രമാക്കി ഒരു ഗ്ലോബൽ വില്ലേജ് ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവുമായി ബന്ധപ്പെട്ട ഉത്സവങ്ങളെ ഉൾപ്പെടുത്തി ക്കൊണ്ട് ഒരു ഫെസ്റ്റിവൽ കലണ്ടർ ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കു ന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

74 (*542) **കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ**

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ ഗതാഗതമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുകയും വിനിയോഗത്തിന് മേൽനോട്ടം വഹിക്കുകയുമാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയെന്നും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, നഗരങ്ങളിലെ റോഡ് വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പാക്കുന്നതെന്നും ബോർഡിന്റെ പ്രവർത്തനം കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിനാവശ്യമായ പഠനങ്ങൾ നടത്താൻ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ തെരെഞ്ഞെടുക്കപ്പെട്ട 1000 കിലോ മീറ്റർ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയും (എസ്.ആർ.ഐ.പി) ബോർഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡ് ഫണ്ട് ബോർഡിന്റെ പദ്ധതികൾ ആന്യുറ്റി മോഡലിലാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ബോർഡിന്റെ ഒരു ഓഫീസ് കാക്കനാട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൊച്ചി നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 12 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണെന്നും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെടുന്നവർക്ക് ഫ്ളോർ ഏരിയ റേഷ്യോയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് റോഡുകളുടെ വികസനത്തിനുള്ള ലാന്റ് അക്വിസിഷൻ പൂർത്തിയാക്കുകയും

ബാക്കിയുള്ളവ 2012 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുന്നതുമാണ്. റോഡ് ഫണ്ട് ബോർഡ് ഏറ്റെടുക്കുന്ന റോഡുകളുടെ പണി ബി.എം.&ബി.സി സംവിധാനം ഉപയോഗിച്ച് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ബോർഡിന് ഗവൺമെന്റ് നൽകുന്ന 10% മോട്ടോർ വെഹിക്കിൾ ടാക്സ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പു മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന റോഡുകളുടെ വികസനത്തിന് റോഡ് ഫണ്ട് ബോർഡ് മുൻഗണന നൽകുന്നതാണ്. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുത്തി-അമലനഗർ ബൈപ്പാസ് റോഡ് നിർമ്മാണം ത്വരിതപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു യോഗം വിളിച്ചുകൂട്ടുന്നതാണെന്നും ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡിന്റെ അറ്റകുറ്റപ്പണികൾ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും കാലതാമസമുണ്ടായാൽ ഗവൺമെന്റ് തന്നെ ആ പണി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**75 (*543) <u>എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 01-03-2011, 18-06-2011 തീയതികളിലെ ഉത്തരവുകൾ പ്രകാരം എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെട്ടതിന്റെ ഫലമായി തിരുത്തിക്കിട്ടുന്നതിനുള്ള കാലതാമസം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിദേശജോലി/ഇന്റർവ്യൂ തുടങ്ങിയവയ്ക്കുള്ള രേഖകൾ

ഹാജരാക്കുന്നവർക്ക് അടിയന്തിരമായി തിരുത്തൽ വരുത്തി നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനനത്തീയതി തിരുത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലോവർ/അപ്പർ പ്രൈമറി വിദ്യാർത്ഥികളുടെയും ഹൈസ്കൂൾ വിദ്യാർത്ഥികളുടെയും ജനനത്തീയതി തിരുത്തുന്നതിനുള്ള അധികാരം യഥാക്രമം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിലും നിക്ഷിപ്തമാണ്. എസ്.എസ്.എൽ.സി. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ജനനത്തീയതി തിരുത്തി നല്കുന്നതിനുള്ള അധികാരം തിരുവനന്തപുരത്തുള്ള പരീക്ഷാഭവൻ സെക്രട്ടറിയിൽ നിക്ഷിപ്തമായതിനാലും ആയതിനുള്ള അടിസ്ഥാന സൗകര്യം പരീക്ഷാഭവനിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നതിനാലും ഇതിലേയ്ക്കായി ജില്ലകൾതോറും പ്രത്യേക സെൽ രൂപീകരിക്കണമെന്ന ആവശ്യം പ്രായോഗികമല്ലെന്നും പരീക്ഷാഭവനിൽ ജീവനക്കാരുടെ അപര്യാപ്തതമൂലം സർട്ടിഫിക്കറ്റുകൾ തിരുത്തി നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ജനനത്തീയതി തിരുത്താൻ ഓൺ ലൈനായി അപേക്ഷ നൽകാനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പുകല്പിക്കുന്നതിന് തിരുവനന്തപുരം കേന്ദ്രമാക്കി ഒരു അദാലത്ത് സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**76 (*544) <u>എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങൾ</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് എയ്ഡഡ് സ്കൂൾ/കോളേജുകളിൽ

നിയമനങ്ങൾ നടത്തുന്നതെന്നും സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതോടെ എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സുതാര്യത ഉറപ്പാക്കാൻ കഴിയുമെന്നും ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് കോഴ നൽകേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും സഭയെ അറിയിച്ചു. എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ സുതാര്യമാക്കുന്നതിനായി സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനേയോ ഡെപ്യൂട്ടി കളക്ടർ/കളക്ടർ തുടങ്ങിയ വരേയോ നിയമനങ്ങൾക്കായുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയായി അയയ്ക്കുന്നുണ്ട്. എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ നിയമനം സുതാര്യമാക്കാൻ സെലക്ഷൻ കമ്മിറ്റി രൂപീകരി ക്കുകയും അതിൽ ഗവൺമെന്റ് പ്രതിനിധിയായി ഡെപ്യൂട്ടി കളക്ടർ/ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഉൾപ്പെടു ത്തണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപക പാക്കേജ് പ്രകാരം ലോവർ/അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ നിയമന ങ്ങൾക്ക് Teacher Eligibility Test (TET) നിർബന്ധമാക്കുകയും വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപക നിയമനത്തിന് ഉദ്യോഗാർത്ഥിയുടെ മികവ് പരിശോധിക്കാനായി ഇന്റർവ്യൂ കമ്മിറ്റിയിൽ വിഷയ വിദഗ്ദ്ധനെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോളേജ് അദ്ധ്യാപക നിയമനത്തിന് യു.ജി.സി. നിഷ്ക്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയായ 55% മാർക്കിൽ കുറയാത്ത പി.ജി., നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡി. എന്നീ യോഗ്യത കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നിർബന്ധമാക്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ

എൽ.പി./യു.പി./ഹൈസ്കൂൾ വിഭാഗത്തിൽ സർക്കാർ ശമ്പളം നൽകുന്ന 101965 അദ്ധ്യാപകരും 8768 അദ്ധ്യാപകേതര ജീവനക്കാരും ഹയർ സെക്കൻഡറി വിഭാഗത്തിൽ 14509 അദ്ധ്യാപകരും 1687 അനദ്ധ്യാപകരും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 1674 അദ്ധ്യാപകരും 537 അദ്ധ്യാപകതേര ജീവനക്കാരും എയ്ഡഡ് കോളേജിൽ സർക്കാർ ശമ്പളം നൽകുന്ന 8004 അദ്ധ്യാപക ജീവനക്കാരും 4734 അനദ്ധ്യാപക ജീവനക്കാരും ഇപ്പോഴുണ്ട്. നിലവിലുള്ള നിയമപ്രകാരം നിയമനാധികാരി എയ്ഡഡ് സ്കൂൾ/കോളേജ് മാനേജർമാരാണെന്നും നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്താതെ ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലെന്നും മന്ത്രി വ്യക്തമാക്കി. സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെയും തസ്തികയി ല്ലാതെയും അർഹതപ്പെട്ടവരെ ഒഴിവാക്കി അയോഗ്യരായവർക്ക് നിയമനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയ്ഡഡ്/സ്കൂൾ കോളേജ് നിയമ നങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്നും അദ്ധ്യാപകരുടെ അംഗീകാരവും പ്രൊട്ടക്ഷനും ടീച്ചേഴ്സ് ബാങ്കിന്റെ പരിധിയിൽ വരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**77 (*545)<u>നെൽവയൽ-നീർത്തട സംരക്ഷണ നിയമം</u>**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008 ആഗസ്റ്റ് 12 മുതലും ഇതുസംബന്ധിച്ച ചട്ടങ്ങൾ 2008 ഡിസംബർ 24-ാം തീയതിയും പ്രാബല്യത്തിൽ വന്നുവെന്നും ഇതിലെ വ്യവസ്ഥകൾ ഫല പ്രദമായി നടപ്പാക്കുന്നതിനായി പഞ്ചായത്തുതല പ്രാദേശിക നിരീക്ഷണ സമിതികളും ജില്ലാതല അധികൃത സമിതികളും രൂപീകരിച്ചിട്ടുണ്ടെന്നും

സഭയെ അറിയിച്ചു. സംസ്ഥാനത്ത് ഇതിനകം 1065 കൃഷിഭവനുകളുടെ പരിധിയിൽ സർവ്വേ പൂർത്തീകരിക്കുകയും 975 കൃഷിഭവനുകളുടെ കരട് ഡാറ്റാ ബാങ്ക് പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തേയും കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാറ്റാ ബാങ്ക് മിക്കവാറും എല്ലാ പഞ്ചായത്തുകളിലും പൂർത്തിയാക്കുകയും ഗസറ്റ് വിജ്ഞാപനത്തിനായി അതത് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്കുള്ള അപേക്ഷകളിൽ പ്രാദേശികതല സമിതികൾ ശുപാർശ ചെയ്ത കേസുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറും ലാന്റ് റവന്യൂ കമ്മീഷണർ, പരിസ്ഥിതി മേഖലയിലെ വിദഗ്ദ്ധൻ, നെൽകൃഷിമേഖലയിലെ ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. നിലം നികത്തലിനെതിരെ ശക്തമായ നടപടിയെടുക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയമെന്നും എന്നാൽ വീട് വയ്ക്കാൻ വേറെ ഭൂമിയില്ലാത്ത നിർദ്ധനരായ ആളുകൾക്ക് അതിനായി അഞ്ച് സെന്റ് നിലം നികത്തുന്നതിന് അനുമതി നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. നിലമായി രേഖപ്പെടുത്തിയ സ്ഥലത്ത് താമസിക്കുന്ന കുടികിടപ്പുകാർക്ക് വീട്ടുനമ്പരും വൈദ്യുതി കണക്ഷനും ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവർ റേഷൻ കാർഡോ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാർഡോ ഹാജരാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ തീരുമാ

നമെടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഊർജ്ജ വകുപ്പു മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5287 മുതൽ 5603 വരെയുള്ള ചോദ്യങ്ങളിൽ 133 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)